പുതിയതായി ഒറ്റ മരുന്ന് കണ്ടുപിടിച്ചു വിൽക്കാനാഗ്രഹിക്കുന്ന ധാരാളം പേർക്ക് ലോൺ ലൈസൻസ് വഴി ഇവിടെ മരുന്ന് നിർമ്മിച്ച് വിപണിയിൽ ഇറക്കാം. അതിനുള്ള എല്ലാ ആധുനിക സംവിധാനങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്. മാനേജിങ് ഡയറക്ടർ ആയ ശ്രീ.എം.എസ്.രഘുവും അദ്ദേഹത്തിന്റെ സേവനമനസ്കരായ ടീമും പുതിയതായി ആയുർവേദ മേഖലയിലെത്തുന്ന സംരംഭകർക്ക് എല്ലാവിധ സാങ്കേതിക സംവിധാനവും ഒരുക്കി മരുന്നുകളും കോസ്മെറ്റിക്സ് വസ്തുക്കളും, FSSAI ലൈസൻസ് വേണ്ട വസ്തുക്കളും നിർമ്മിച്ച് നല്കാൻ സന്നദ്ധരായി നിൽക്കുന്നു. ഗ്രാമീണതയുടെ സൗന്ദര്യം നിറഞ്ഞ ഫാക്ടറി പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായ അന്തരീക്ഷത്തിലാണ് നിൽക്കുന്നത്. പച്ച മരുന്നുകൾ, ഹെർബൽ extracts, spices extracts, Essential oils തുടങ്ങിയവ ഇവിടെ ലഭ്യമാണ്. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നും മാനുഫാക്ചറിംഗ് ലൈസൻസ്, GMP സർട്ടിഫിക്കറ്റ് എന്നിവയുള്ള ഈ സ്ഥാപനത്തിൽ ലോൺ ലൈസൻസ്, തേർഡ് പാർട്ടി മാനുഫാക്ചറിംഗ് സംവിധാനങ്ങൾ ഉപയോഗിക്കുന്ന വൻകിട സ്ഥാപനങ്ങൾ മുതൽ ചെറുകിട സ്ഥാപനങ്ങൾ വരെയുണ്ട്. ധാത്രി, Medimix, Kaytra, NBS തുടങ്ങിയവ അവയിൽ ചിലതു മാത്രമാണ്. ഒരു മരുന്ന് ഉപയോഗിച്ച് ഗുണപ്രദമാണെന്നു കണ്ടാൽ അവയുടെ ഗുണമേന്മയും സുരക്ഷിതത്വവും ഉറപ്പുവരുത്തി ആവശ്യമായ ലൈസൻസ് എടുത്തു കൊടുത്തു വിപണിയിലെത്തിക്കാൻ സഹായിക്കുന്ന സാങ്കേതിക വൈദഗ്ധ്യം ഹരിദേവ് ഫോർമുലേഷൻസ് നേടിക്കഴിഞ്ഞുവെന്നു നിസ്സംശയം പറയാം.

Address
M.P.XI/478 Nellad P.O, Muvattupuzha
Ernakulam Dist., Kerala - 686669
Tel: 0484 2767 922, 0484 2767 926
+91 944 737 0222, +91 960 560 3792
Email: enquiry@haridevformulations.com

# Brief News

## New Drugs approved by CDSCO

Rifapentine

150mg film coated tablet

"For the treatment of latent tuberculosis infection caused by Mycobacterium tuberculosis in adults and children of 2 years and older who are at high risk of progression to tuberculosis disease (including those in close contact with active tuberculosis patients, recent conversion to a positive tuberculin skin test, HIV-infected patients, or those with pulmonary fibrosis on radiograph). Active tuberculosis disease should be ruled out before initiating treatment for latent tuberculosis infection. Rifapentine Tablets 150mg must always be used in combination with isoniazid as a 12- week once-weekly regimen for the treatment of latent tuberculosis infection".
With effect from 08.07.2019.

**FDC of Bictegravir, Emtricitabine and Tenofovir alafenamide.**

Tablets 50mg/200mg/25mg

For the treatment of human immunodeficiency virus type 1 (HIV-1) infection in adults who have no antiretroviral treatment history or to replace the current antiretroviral regimen in those who are virologically suppressed (HIV-1 RNA less than 50 copies per ml) on a stable antiretroviral regimen for at least 3 month with no history of treatment failure and no known substitutions associated with resistance to Bictegravir, Emtricitabine and Tenofovir alafenamide.
With effect from 09.08.2019

**Levomilnacipran ER**
Capsules 20mg/40mg/80mg/120mg

For treatment of major depressive disorder,
With effect from 13.08.2019.

## Rifapentine –Review.

Rifapentine is in a class of medications called antimycobacterials. It works by killing the bacteria that cause infection.
It is used with other medications to treat active tuberculosis (TB) in adults and children 12 years of age and older. It is also used with isoniazid (Laniazid) to treat adults and children 2 years of age and older with latent (resting or nongrowing) TB, including those in close contact with people who have active TB, a positive tuberculin skin test, human immunodeficiency virus (HIV), or those with pulmonary fibrosis (scarring of the lungs with an unknown cause). Antibiotics such as rifapentine will not work for colds, flu, or other viral infections.
Rifapentine is available as oral tablet. When rifapentine is used to treat active TB, it is usually taken with food twice weekly, with doses at least 3 days apart, for the first 2 months and once weekly for 4 months. When rifapentine is used to treat latent TB infection, it should be with food taken once every week
Rifapentine may cause the following side effects.

- Temporary discoloration (yellow, reddish-orange, or brown color) of your skin, teeth, saliva, urine, stool, sweat, and tears
- Dizziness, fainting , increased sweating

**Some serious side effects requiring urgent consultation of Physician include:**

- Diarrhea (upto 2 months after treatment), rash, itching. cough with wheezing
- Breathing difficulties, red, itchy, or irritated eyes ,fever, blisters, changes in thinking and behavior, swelling of the eyes, face, lips, tongue, throat, arms, hands, feet, ankles, or lower legs, fast or irregular heartbeat, nausea, vomiting ,chest pain. flu-like symptoms such as fever, chills, muscle aches, muscle pain, tiredness, and headache ,stomach pain, loss of appetite, dark urine ,joint pain or swelling, yellowing of the skin

Store in a tightly closed container at room temperature and away from excess heat and moisture.

# ഫാർമസി ഉപരിപഠന സാദ്ധ്യതകൾ

## ഡോക്ടർ ഓഫ് ഫിലോസഫി ഇൻ ഫാർമസി (പി .എച്ച് .ഡി) കോഴ്സ്.

**Balan C.S.** Rtd. Asso. Prof. of Pharmacy

ഫാർമസി പഠനങ്ങളിൽ ഏറ്റവും ഉന്നതിയിൽ ഉള്ള ഡിഗ്രി ഡോക്ടറേറ്റ് ആണ്. പി.എച്ച്.ഡി ക്കാരെ ഫാം.ഡി. ഡിഗ്രിക്കാർക്ക് തുല്യമായി പലരും ഇപ്പോൾ തെറ്റിദ്ധരിക്കുന്നുണ്ട്. ബി.ഫാം. ഡിഗ്രി ഉള്ളവർക്ക് എം.ഫാം., ഫാം.ഡി. തുടങ്ങിയ ഉന്നത കോഴ്സുകൾക്ക് അപേക്ഷിക്കാം. അത് വഴി പോസ്റ്റ് ഗ്രാഡുവേഷൻ ആയ എം.ഫാം.എടുത്ത ശേഷം ഡോക്ടറേറ്റ് എടുക്കാം. ഫാം ഡി. പഠനം വഴി ഫാർമസി പ്രാക്ടീസ് ചെയ്യാനുള്ള അവസരമാണ് ഉണ്ടാവുക. ഡോക്ടറേറ്റ് ഉള്ളവർ അതിനേക്കാൾ ഉയർന്ന പടിയിലാണ് എത്തുന്നത്. ഫാം.ഡി. ക്കാർക്കും പി.എച്ച്.ഡി.ക്കാർക്കും പേരിനു മുൻപിൽ ഡോക്ടർ എന്ന് ചേർക്കാൻ അനുവാദമുണ്ട്. പക്ഷെ ഡോക്ടറൽ ഡിഗ്രിക്കാരായി കണക്കാക്കുന്നത് പി.എച്ച്. ഡി. ഉള്ളവരെ മാത്രമാണ്.

എം.ഫാം. പഠനകാലത്തു തന്നെ അവസാന വർഷം ഒരു പ്രത്യേക വിഷയം എടുത്തു ഗവേഷണം നടത്തണമെന്നുണ്ട്. ആ പഠനറിപ്പോർട്ട് കൂടി കണക്കാക്കിയാണ് എം.ഫാം. ഡിഗ്രി നൽകുന്നത്. തുടർന്ന് ഗവേഷണ മേഖലയിൽ താൽപ്പര്യമുള്ളവർക്ക് ഏതെങ്കിലും പ്രത്യേക വിഷയത്തിൽ ഡോക്ടറേറ്റ് ഡിഗ്രിയ്ക്കായി അപേക്ഷ സമർപ്പിച്ചു ആ മേഖലയിൽ അഗാധജ്ഞാനമുള്ള ഡോക്ടറേറ്റ് ഡിഗ്രിയുള്ളയാളെ ഗൈഡ് ആക്കി ബന്ധപ്പെട്ട സർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്തു പി.എച്ച്.ഡി കോഴ്സിന് ചേരാം. എം.ഫാം. ഡിഗ്രിയാണ് മൂന്നു വർഷ പി.എച്ച്.ഡി ഡിഗ്രി കോഴ്സിന് ചേരാനുള്ള അടിസ്ഥാന യോഗ്യത.

ആരോഗ്യവിദ്യാഭ്യാസ മേഖലയിലുള്ള ഒരു കോഴ്സും കെമിക്കൽ വിദ്യാഭ്യാസ മേഖലയും കൂട്ടിച്ചേർത്തു മരുന്ന് മേഖലയിൽ മാറ്റങ്ങൾ വരുത്താൻ ഈ കോഴ്സിന് സാധിക്കും. മരുന്നുശാസ്ത്രത്തിലുള്ള ഗവേഷണം പുതിയതരം മരുന്നുകൾ നാടിനു സംഭാവന ചെയ്യുവാനും അവയുടെ സുരക്ഷയും, ഗുണമേൻമയും വർദ്ധിപ്പിച്ചു വിശ്വാസ്യത നിലനിർത്തി മുൻപോട്ടു പോകുവാനും സഹായിക്കും.വിശദമായി തയ്യാറാക്കുന്ന മൂന്നു വർഷ പഠന ഗവേഷണം വഴി ഒരു പുതിയ മേഖലയിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ സഹായകരമായ പ്രബന്ധം ബന്ധപ്പെട്ട സർവ്വകലാശാലയിൽ സമർപ്പിക്കുകയും അതിന്മേൽ വേണ്ട പ്രായോഗിക നടപടികൾ സ്വീകരിക്കുകയും വഴി മൂന്നു വർഷത്തെ നിരന്തര പ്രയത്നം പൂവണിയുകയും ചെയ്യും. മറ്റു പി.എച്ച്.ഡി കോഴ്സുകളിൽ നിന്നും വിഭിന്നമായി ഈ വിഷയത്തിൽ ഡോക്ടറേറ്റെടുക്കുന്നയാൾക്കു ഉടൻ ഉന്നത ജോലി സാധ്യതയും ഉണ്ട്. തങ്ങളുടെ തീസിസിന്റെ ഉള്ളടക്കത്തിനനുസരിച്ചു മരുന്ന് നിർമ്മാണ മേഖലയിൽ നിന്നോ ഗവേഷണ മേഖലയിൽ നിന്നോ ക്യാമ്പസ് സെലക്ഷൻ വഴി ജോലി ലഭിക്കും. തങ്ങളുടെ പേരും പ്രശസ്തിയും വർദ്ധിക്കുന്നതിനൊപ്പം മാന്യമായ ഒരു തൊഴിലും ജീവിത സാഹചര്യവും ലഭിക്കും. കുറഞ്ഞത് അറുപതു ശതമാനം മാർക്കോടെ എം.ഫാം. പാസ്സായ ശേഷം ജൂനിയർ റിസർച് ഫെലോഷിപ്പിന് യോഗ്യത നേടിയവർക്ക് അപേക്ഷകരാകാം. കൂടാതെ CSIR/UGC NET, DBT JRF പരീക്ഷയും പാസ്സാകണം. തുടർന്ന് ഇൻറർവ്യൂവിനു ഹാജരായി വിജയിച്ചെങ്കിൽ മാത്രമേ അതാതു വിഷയങ്ങളിൽ രജിസ്റ്റർ ചെയ്തു പഠനം തുടങ്ങാൻ സാധിക്കുകയുള്ളു. വിവിധ സർവ്വകലാശാലകളിൽ ഗവേഷണ വിഷയങ്ങൾ പ്രത്യേകം സിലബസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവ പരിശോധിച്ചു ഓരോരുത്തർക്കും താല്പര്യമുള്ള വിഷയം തെരഞ്ഞെടുക്കുകയും യോജിച്ച ഗൈഡിനെ കണ്ടെത്തുകയും വേണം.

പി.എച്ച്.ഡി. നേടുന്നവർക്ക് ധാരാളം സാധ്യതകളാണ് നാട്ടിലും വിദേശത്തും ലഭിക്കുന്നത്. തങ്ങളുടെ അറിവു വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഇഷ്ടപ്പെട്ട തൊഴിൽ ചെയ്തു പേരുണ്ടാക്കാനും ഉന്നത സ്ഥാനം അലങ്കരിക്കാനും ഇതുവഴി സാധിക്കുന്നു. സർക്കാർ സർവ്വീസിലും, സ്വകാര്യ മേഖലയിലും ധാരാളം തൊഴിലവസരങ്ങൾ ഇവരെ കാത്തിരിക്കുന്നു. പ്രൈവറ്റ് ഫാർമസി കോളേജുകളിൽ വകുപ്പ് തലവന്മാരായും പ്രിൻസിപ്പൽമാരായും മരുന്ന് നിർമ്മാണ മേഖലയിൽ ധാരാളം ജോലി സാധ്യതകളുണ്ട്. ബഹുരാഷ്ട്ര കമ്പനികളിൽ ഗവേഷണ സൗകര്യങ്ങൾ ഉൾപ്പെടെ ഉള്ളതിനാൽ തങ്ങൾക്ക് ഇഷ്ടമുള്ള പ്രവർത്തന രംഗത്തു മികവ് കാട്ടാനും കഴിയും. ഫാർമസിയിൽ നിലവിലുള്ളതിൽ ഏറ്റവും ഉന്നതമായ പഠന മേഖലയായ പി.എച്ച്.ഡി. കോഴ്സിനുള്ള തയ്യാറെടുപ്പുകൾ എം.ഫാം. പഠന സമയത്തു തന്നെ ആരംഭിച്ചു തങ്ങളുടെ അറിവും, കഴിവും പരമാവധി പ്രയോജനപ്പെടുത്തണം.



# നാരസിംഹരസായനം – ഒരു വിശകലനം



ശരീര പുഷ്ടിയും സൗന്ദര്യവും നിലനിർത്തുവാനും, പ്രതിരോധശക്തി ഉണ്ടാക്കുവാനും ആയുർവേദ ശാസ്ത്രത്തിൽ രസായനങ്ങൾക്കു ഒരു മുഖ്യ പങ്കുണ്ട്. നാരസിംഹ രസായനം നെയ്യടങ്ങിയ ഒരു ഔഷധമാണ്. ഒരു ജനറൽ ടോണിക്ക് എന്നതിന് പുറമെ, ഇത് ശരീരത്തിലെ പേശികൾക്കും, നാഡീ ഞരമ്പുകൾക്കും, എല്ലുകൾക്കും ദഹനേന്ദ്രിയങ്ങൾക്കും ശക്തി പകർന്നു അവയുടെ തളർച്ചയും ജീർണ്ണതയും ശരീരം മെലിച്ചിലും പ്രവർത്തനരാഹിത്യവും തടയുന്നു. ശരീരത്തിന് ബലവും, രോഗപ്രതിരോധശേഷിയും വർദ്ധിപ്പിച്ച് മാരക രോഗങ്ങളിൽ നിന്നും സംരക്ഷണം നൽകുന്നു.

ഇതിലെ പ്രധാന ചേരുവകൾ പത്തിലധികം വരുന്ന പച്ചമരുന്നുകളും, ദ്രവ്യങ്ങളും, നെയ്യുമാണ്. വാത, പിത്ത, കഫ ദോഷങ്ങളെ സംതുലിതാവസ്ഥയിൽ കൊണ്ട് വന്നു ഊർജ്ജദായകമായ ഒരു ഔഷധമായി പ്രവർത്തിക്കുന്നു. കാൻസർ രോഗികൾക്ക് ഉണ്ടാകുന്ന പല ലക്ഷണങ്ങളും ക്ഷീണങ്ങളും ഈ മരുന്ന് മാറ്റുന്നു. മുടി കൊഴിച്ചിൽ, അകാലനര, അകാലവാർദ്ധക്യം, ശരീരശോഷിപ്പും ക്ഷീണവും, നാഡീ തളർച്ച, മറവി തുടങ്ങിയവ കുറച്ച് ഓജസ്സും തേജസ്സും പ്രദാനം ചെയ്യാൻ ഈ ആയുർവേദ ഔഷധത്തിനാവും.

**കഷായ ദ്രവ്യങ്ങൾ** -വെള്ളം, കയ്യോന്നി, പശുവിൻപാൽ, ത്രിഫല കഷായം, നെയ്യ്.

**ആയുർവേദ പച്ച മരുന്നുകളും ശാസ്ത്രീയ നാമവും.**

| Botanical Name | Sanskrit Name |
|---|---|
| Acacia catechu | Gayatri |
| Dalbergia sissoo | Shimshapa |
| Embelia ribes | Vidanga, |
| Pterocarpus marsupium | Asana |
| Plumbago zeylanica | Chitrak |
| Terminalia chebula | Hareetki |
| Terminalia bellirica | Bibitaki |
| Semecarpus anacardium | Bhilawa, |

### നിർമ്മാണ തത്വം

പ്രധാന പച്ചമരുന്ന് ചേരുവകൾ നെയ്യും കഷായവും ചേർന്ന മിശ്രിതത്തിൽ ചേർത്ത് തിളപ്പിച്ച് നാലിലൊന്നാക്കി കുറുക്കി ഖര പദാർത്ഥങ്ങൾ അരിച്ചു നീക്കിയ ശേഷം പാലും, ത്രിഫലയും, കയ്യുണ്ണിയും ചേർന്ന മിശ്രിതവും ചേർത്തു വീണ്ടും തിളപ്പിച്ച് നെയ്യും ചേർത്ത് ലേഹ്യ രൂപത്തിലാക്കി ഉപയോഗിക്കുന്നു.

നാരസിംഹരസായനത്തിനു പഞ്ചകർമ്മ ചികിത്സയിൽ സ്നേഹകർമ്മം എന്ന രീതി ചെയ്യുന്നതിന് കൂടി ഉപയോഗമുണ്ട്.

### ഉപയോഗക്രമം :

ഒരു സ്പൂൺ വീതം രണ്ടു നേരം ആഹാരത്തിനു മുൻപ് ചൂടുവെള്ളത്തോടൊപ്പം സേവിക്കാം. പാലോ,തേനോ ചേർത്തും ഉപയോഗിക്കാം. ആയുർവേദ ഡോക്ടറുടെ നിർദ്ദേശ പ്രകാരം പഞ്ചകർമ്മ ചികിത്സയിൽ ഉപയോഗിക്കണം. സ്വയം ചികിത്സ പാടില്ല.

### പാർശ്വഫലങ്ങൾ

പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം, അമിത കൊളെസ്റ്ററോൾ എന്നിവ ഉള്ളവർ ഈ മരുന്നിന്റെ ഉപയോഗം പരിമിതപ്പെടുത്തണം. അമിത ഉപയോഗം ദഹനക്കേടിനും, വയറിളക്കത്തിനും ഇടയാക്കും.

അഷ്ടാംഗ ഹൃദയം ഉത്തരതന്ത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ ഔഷധത്തിനു മൂന്നു വർഷ കാലാവധിയുണ്ട്. നരസിംഹമൂർത്തിയുടെ അനുഗ്രഹത്താൽ രോഗങ്ങളെ ഓടിക്കുന്ന മരുന്നായാണ് ഗ്രന്ഥത്തിൽ ഈ ഔഷധത്തെക്കുറിച്ചു പറയുന്നത്.

ഈ മരുന്ന് തുടർച്ചയായി രണ്ടു മാസം ഉപയോഗിച്ചശേഷം ഒരു മാസം നിർത്തി വച്ചതിനു ശേഷം ആറു മാസം വരെ ഉപയോഗിക്കാം. ആയുർവേദ ഡോക്ടറുടെ നിർദ്ദേശ പ്രകാരം തുടർന്നുപയോഗിക്കാം. ഈ കാലയളവിൽ ആ വ്യക്തിയുടെ സംസാരവും, ബുദ്ധിശക്തിയും, ഓർമ്മശക്തിയും, ശരീരത്തിനു തിളക്കവും, ശക്തിയും വർദ്ധിക്കുകയും ചെയ്യും. മുടികൾക്കു നീളവും, കറുത്തും, തിളക്കവും ഉണ്ടാകുവാനും ഈ രസായനം സഹായകമാകുന്നു.

– **ഫാർമഫസ്റ്റ് ഗവേഷണ വിഭാഗം**

## നിത്യേന ഉപയോഗിക്കുന്ന മരുന്നുകളെ അറിയുക

അശ്വിൻ. പി

# NIFEDIPINE

Nifedipine is a drug belonging to the category Calcium Channel blockers and is popular with the trade name Nicardia, commonly used to reduce Hypertension and Chest Pain ( angina) associated with heart diseases. It acts by relaxing the muscles of heart and blood vessels effecting easy flow of blood. Nifedipine has a clear diuretic and natriuretic effect also. It controls chest pain by increasing supply of blood and oxygen to the heart.

**The more common side effects that can occur include:**


- Headache, nausea, dizziness or light headedness.
- flushing (reddening of the skin),heartburn, muscle cramps.
- constipation, cough,fever and decreased sexual ability.

**The following side effects can be serious and get emergency medical treatment:**

- swelling of the face, eyes, lips, tongue, hands, arms, feet, ankles, or lower legs
- difficulty in breathing or swallowing, fainting, rash, yellowing of the skin or eyes
- increase in frequency or severity of chest pain (angina) etc.

Do not stop taking Nifedipine without consulting the Physician, even in a better state, since it can make the condition worse. Stopping a beta blocker too quickly can cause serious cardiac complaints which the drug cannot prevent.

The drug can damage the blood vessels of the brain, heart, kidneys etc resulting in a stroke, heart failure or renal damage.




Grape fruit and its juices must be avoided while taking Nifedipine. Aspirin usage also must be restricted. Nifedipine comes as a capsule and an extended-release (long-acting) tablet to take orally. It is available as Short acting and Long Acting forms as Plain and Retarded dosage forms. The peak effect can be observed in 30 to 120 minutes and 6 hours for extended forms which should be taken once daily in empty stomach or 1 to 2 hours after meals. During pregnancy, the extended forms are unsafe. Swallow the extended-release tablets whole; do not split, chew, or crush them.

**Indications and dosages :**

1) Management of varient or chronic stable angina.
   Adults : 10 - 20 mg thrice daily, max daily dose for capsules is 180 mg.
   Usual dose : 20 to 40 mg daily in 2 equally divided doses.
2) Quick reduction of BP.
   10-20 mg daily and the capsules should be bitten & then swallowed.
3) Hypertension
   Adults : Initially , 30 to 60 mg once daily. Max daily dose : 120 mg.

**Storage**

Keep this medicine in the original container, tightly closed, and out of reach of children. Store at room temperature, away from light, excess heat and moisture. Check blood pressure regularly to determine the response to Nifedipine.

## മരുന്നുകളുടെ വിൽപ്പനക്കാർ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ



**ഡോ. സ്വാതി പ്രദീപ്**
PHARMACIST, EMERALD CHEMIST, NSW, AUSTRALIA

# മരുന്നുകടയിൽ സൂക്ഷിക്കേണ്ട രേഖകൾ.

- ഡ്രഗ്സ് ലൈസൻസ് ഒറിജിനൽ/ പുതുക്കിയത്
- ഫാർമസി രജിസ്ട്രേഷൻ സർട്ടിഫിക്കററ് ഒറിജിനൽ
- മരുന്നുകൾ പർച്ചേസ് ചെയ്ത ബില്ലുകൾ
- മരുന്നു വില്പന നടത്തിയ രേഖകൾ/ രജിസ്റ്റർ
- ഷെഡ്യൂൾ വിഭാഗം മരുന്നുകൾ വിൽപ്പന നടത്തിയ രേഖകൾ/ രജിസ്റ്റർ
- ജി എസ്ടി രേഖകൾ
- ജി. എസ് .ടി റിട്ടേൺ സമർപ്പിച്ച രേഖകൾ
- മരുന്നു പർച്ചേസ് രജിസ്റ്റർ
- എൽ.എസ്.ജി.ഡി.ലൈസൻസസ്
- ലേബർ ലൈസൻസ്, രജിസ്ടേഷൻ രേഖകൾ, പുതുക്കൽ രേഖകൾ.
- കടയുടെ ഉടമസ്താവകാശ രേഖകൾ
- വാടക ഉടമ്പടി
- സ്ഥാപനത്തിന്റെ ഘടനാസംബന്ധിയായ രേഖകൾ
- പാർട്ട്ണർഷിപ്പ് ആണെങ്കിൽ ഡീഡിന്റെ കോപ്പി
- ലിമിറ്റഡ് കമ്പനിയാണെങ്കിൽ കമ്പനിയുടെ രേഖകൾ, ഡയറക്ടർമാരുടെ വിവരങ്ങൾ, പവർഓഫ് അറ്റോർണി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ
- സൊസൈറ്റിയാണെങ്കിൽ അതിന്റെ ബൈലോയുടെ കോപ്പി, സ്ഥാപന നടത്തിപ്പിനായി ആരെയെങ്കിലും അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ
- വാടക രസീത്
- ഇലക്ട്രിസിറ്റി ബിൽ കോപ്പി
- ഉടമയുടെ തിരിച്ചറിയൽ കാർഡ് (ആധാർ അല്ലെങ്കിൽ Pan card, voter's I.D etc..)
- ഫാർമസിസ്റ്റിന്റെയും മറ്റു ജീവനക്കാരുടെയും തിരിച്ചറിയൽ രേഖകൾ
- ഫാർമസിസ്റ്റിന്റെ രജിസ്ട്രേഷൻ പുതുക്കൽ രേഖകൾ.
- കാലാവധി തീർന്ന മരുന്നുകളുടെ വിവരമുള്ള രജിസ്റ്റർ.
- ഡ്രഗ്സ് കൺട്രോളർ ഓഫീസ്, ജി.എസ്.ടി. ഓഫീസ്, ലേബർ ഓഫീസ്; എൽ.എസ്.ജി.ഡി. ഓഫീസ് എഴുത്തുകുത്തുകളുടെ രേഖകൾ.
- ഡ്രഗ്സ് കൺട്രോളർ നൽകുന്ന ഫോറം 35 ൽ ഉള്ള രജിസ്റ്റർ.
- കട പരിശോധനാ റിപ്പോർട്ടുകൾ.
- മരുന്നുകൾ തിരിച്ചയച്ച രേഖകൾ.
- ക്രെഡിറ്റ് നോട്ടുകളുടെ കോപ്പികൾ തുടങ്ങിയവ.
- മരുന്നു വാങ്ങിയ ബില്ലുകൾ സീരിയലായി നമ്പർ ചെയ്ത് അതാതു മാസത്തെ ഫയലാക്കി തിരിച്ച് വയ്ക്കണം. അതിന്റെ വിവരങ്ങൾ പർചേസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കണം.
- ഡ്രഗ്സ് ഇൻസ്പെക്ടർ സ്ഥാപനം പരിശോധിക്കാൻ വരുമ്പോൾ മരുന്നുകൾവാങ്ങിയ രേഖകൾ, വിറ്റ രേഖകൾ, ഷെഡ്യൂൾ H1 മരുന്നുകളുടെ സ്റ്റോക്ക് വിവരം, കാലാവധി കഴിഞ്ഞ മരുന്നുകൾ തിരികെ കൊടുക്കുവാൻ വച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ, നിരോധിത മരുന്നുകൾ, ഗുണനിലവാരമില്ലാത്ത മരുന്നുകൾ വാങ്ങിയതും വിറ്റതും തിരിച്ചയച്ചതുമായ രേഖകൾ തുടങ്ങിയവ.
- ഫാർമസിസ്റ്റ് മാറ്റത്തിനും ലൈസൻസ് പുതുക്കലിനും മറ്റുമായി ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നൽകിയ അപേക്ഷയുടെ പകർപ്പുകൾ, ഓൺലൈനായി അപേക്ഷകൾ നൽകിയതിന്റെ രേഖകൾ
- മരുന്നുകൾ വാങ്ങിയതും വിറ്റതുമായ രേഖകൾ, അതിലുൾപ്പെട്ട മരുന്നിന്റെ കാലാവധി തീരുന്നതു വരെ കടയിൽ സൂക്ഷിക്കേണ്ടതാണ്.
- ഏതെങ്കിലും രേഖകൾ കേസ് സംബന്ധമായി ഡ്രഗ്സ് ഇൻസ്പെക്ടർ കടയിൽനിന്നും ബന്തവസ്സിൽ എടുത്തിട്ടുണ്ടെങ്കിൽ അത് പ്രസ്തുത കേസ് തീരുന്നതു വരെ സൂക്ഷിക്കേണ്ടതാണ്.
- കടയ്ക്കെതിരെ ഒരു മഹസ്സർ തയ്യാറാക്കി മരുന്നുകളും അനുബന്ധ രേഖകളും കസ്റ്റഡിയിൽ എടുത്തിട്ടുണ്ടെങ്കിൽ അതുസംബന്ധമായ മുഴുവൻ രേഖകളും ഭദ്രമായി സൂക്ഷിക്കണം.
- കോടതിയിൽ നിന്നും, ഡിപ്പാർട്ട്മെന്റിൽ നിന്നും വന്നിട്ടുള്ള കേസ് സംബന്ധിച്ചുള്ള മുഴുവൻ കത്തിടപാടുകളും പ്രത്യേകം ഫയലാക്കി സൂക്ഷിച്ചു വയ്ക്കണം.
- മയക്കു മരുന്നു വിഭാഗത്തിലും ഷെഡ്യൂൾ എക്സ്



പേജ് 26 ൽ തുടരും

# Know the Laws of Drugs

## -THE DRUGS AND COSMETICS ACT, 1940 - SALIENT FEATURES

PART-5

Adv. BIPIN. J.

**18. Prohibition of manufacture and sale of certain drugs and cosmetics**

From such date as may be fixed by the State Government by notification in the Official Gazette in this behalf, no person shall himself or by any other person on his behalf.

(a)[manufacture for sale or for distribution, or sell, or stock or exhibit or offer for sale] or distribute.

(i) any drug which is not of a standard quality, or is misbranded, adulterated or spurious.

(ii) any cosmetic which is not of a standard quality or is misbranded or spurious.

(iii) any patent or proprietary medicine, unless there is displayed in the prescribed manner on the label or container there of [the true formula or list of active ingredients contained in it together with the quantities thereof.

(iv) any drug which by means of any statement, design or device accompanying it or by any other means, purports or claims 4 [to prevent, cure or mitigate] any such disease or ailment, or to have any such other effect as may be prescribed.

(v) any cosmetic containing any ingredient which may render it unsafe or harmful for use under the directions indicated or recommended.

(vi) any drug or cosmetic in contravention of any of the provisions of this Chapter or any rule made there under.

(b) [sell, or stock or exhibit or offer for sale,] or distribute any drug 7[or cosmetic] which has been imported or manufactured in contravention of any of the provisions of this Act or any rule made there under;

(c)[manufacture for sale or for distribution, or sell, or stock or exhibit or offer for sale,] or distribute any drug[or cosmetic], except under, and in accordance with the conditions of, a licence issued for such purpose under this Chapter:

Provided that nothing in this section shall apply to the manufacture, subject to prescribed conditions, of small quantities of any drug for the purpose of examination, test or analysis:

Provided further that the[Central Government] may, after consultation with the Board, by notification in the Official Gazette, permit, subject to any conditions specified in the notification, the[manufacture for sale,or for distribution, sale, stocking or exhibiting or offering for sale] or distribution of any drug or class of drugs not being of standard quality.

**18A. Disclosure of the name of the manufacturer, etc.**

Every person, not being the manufacturer of a drug or cosmetic or his agent for the distribution thereof, shall, if so required, disclose to the Inspector the name, address and other particulars of the person from whom he acquired the drug or cosmetic.

**18B. Maintenance of records and furnishing of information.**

Every person holding a licence under clause (c) of section 18 shall keep and maintain such records, registers and other documents as may be prescribed and shall furnish to any officer or authority exercising any power or discharging any function under this Act such information as is required by such officer or authority for carrying out the purposes of this Act.

*To be continued*

# മരുന്നുകടയിൽ സൂക്ഷിക്കേണ്ട രേഖകൾ.

പേജ് 24 ൽ നിന്നും തുടർച്ച

വിഭാഗത്തിലും പെടുന്ന മരുന്നുകൾ കൈകാര്യം ചെയ്യുന്നുണ്ടെങ്കിൽ അവയുടെ സ്റ്റോക്കും രേഖകളും ഭദ്രമായി സൂക്ഷിച്ചുവയ്ക്കണം.

- കടയിലെ ജോലിക്കാരെ നിയമിച്ച രേഖകൾ, അവരുടെ ഹാജർ പുസ്തകം (Including Muster roll), നിയമന രേഖകൾ, വിടുതൽ രേഖകൾ  തുടങ്ങിയവ.
- ഡ്രഗ്സ് കൺട്രോൾ  വകുപ്പിൽ നൽകിയ ഫാർമസിസ്റ്റിന്റെ രേഖകൾ, അവർക്ക് ശമ്പളം കൊടുത്ത രേഖകൾ തുടങ്ങിയവ അവരെ വിടുതൽ ചെയ്തു കഴിഞ്ഞാലും ലേബർ വകുപ്പിന്റെ നിർദ്ദേശമില്ലാതെ നശിപ്പിക്കരുത്.
- ആർക്കെങ്കിലും Experience Certificate കൊടുത്തിട്ടുണ്ടെങ്കിൽ അതുസംബന്ധമായ രേഖകളും  ആനുകൂല്യങ്ങൾ കൈപ്പറ്റി പിരിഞ്ഞുപോയ ജീവനക്കാരുടെ കൈപ്പറ്റ് രസീതുംസൂക്ഷിക്കണം.
- സ്ഥാപനത്തിന്റെ ഘടനാമാറ്റം സംബന്ധിയായ വിവരങ്ങൾ സമയബന്ധിതമായി ഡ്രഗ്സ് ലൈസൻസിങ് അതോറിറ്റിയെ അറിയിച്ചതിന്റെ രേഖകൾ
- പവ്വർ ഓഫ് അറ്റോർണിയെ മാറ്റിയ രേഖകൾ അതോറിറ്റിയെ അറിയിച്ച ശേഷം കടയിൽ സൂക്ഷിക്കണം.
- വിൽപ്പന സംബന്ധിയായ ഓഡിറ്റ് ചെയ്ത രേഖകൾ ഓഡിറ്ററുടെ ഒപ്പോടുകൂടി സൂക്ഷിക്കണം.

മരുന്നുകടയിലെ രേഖകൾ സമയബന്ധിതമായി പരിശോധിച്ച് ശരിയായി നിലനിർത്തുകയും സൂക്ഷിക്കുകയും ചെയ്യുന്ന പക്ഷം പരിശോധനാവേളയിൽ ഉണ്ടാകുന്ന 80% പ്രശ്നങ്ങളും തൃപ്തികരമായി പരിഹരിക്കാൻ കഴിയും.

രേഖകൾ പറയും ഒരു കടയുടെ ശരിയായ പരിപാലനത്തെപ്പറ്റി.

# Current Affairs





**MARIYA DEVASSSY**
Secured 1st rank in  B.Pharm, studied at St.James college of Pharmaceutical Sciences, Chalakkudy



Class taken by M R Pradeep CEO Pharma first,  for the Students Police Cadets at Muvattupuzha, on Lifestyle modifications for a healthy living

**Pharmafirst invites creative articles on Drugs and Cosmetics for publication.**

*Send your creative contributions along with brief Biodata and passport size photo to editorial@pharmafirstconsulting.com*

## Pharma Quiz Answers

1. 40Kg/m2.
2. JULY 2008
3. Dr. V. G. Somani
4. NDMA (N-nitroso Di Methyl Amine )
5. Ashtangahrudayam
6. Grape Fruit
7. T. D. Medical College, Alappuzha.
8. Tomato
9. Similar
10. NREM phase of sleep.

# കേരളത്തിലെ അറിയപ്പെടുന്ന ആതുരാലയങ്ങൾ

# ടി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ

ഡോ. വി. വി. ചന്ദ്രൻ




സംസ്ഥാനത്തെ സ്വകാര്യമേഖലയിലെ ആദ്യത്തെ മെഡിക്കൽ കോളേജാണ് ആലപ്പുഴയിൽ ദേശീയ പാതയോരത്ത് പട്ടണത്തിൽ നിന്നും 9 km അകലെ വണ്ടാനത്ത് സ്ഥിതിചെയ്യുന്ന **ടി.ഡി അഥവാ തിരുമല ദേവസ്വം സർക്കാർ മെഡിക്കൽ കോളേജ്.**


1963 ആഗസ്റ്റ് മാസമാണ് 50 വിദ്യാർത്ഥികളുമായി ഇവിടെ എം.ബി.ബി.എസ് ആദ്യ ബാച്ച് പഠനം തുടങ്ങിയത്. 1973 ഒക്ടോബർ മുതലാണ് സർക്കാർ മെഡിക്കൽ കോളേജാക്കി മാറ്റിയത്. ദേശീയ പാതയോരത്ത് സ്ഥിതിചെയ്യുന്ന ഒരേ ഒരു മെഡിക്കൽ കോളേജാണിത്. T.D. Medical College Trust ന്റെ പേരിൽ തിരുമല ദേവസ്വം പ്രസിഡന്റായിരുന്ന K.നാഗേന്ദ്രപ്രഭു, സെക്രട്ടറി ശ്രീ.എൻ.വെങ്കിടേശ്വരപ്രഭു, ശ്രീ. N.V. പ്രഭു തുടങ്ങിയവരായിരുന്നു ആദ്യത്തെ ചുമതലക്കാർ.

ഇപ്പോൾ എം.ബി.ബിഎസ്സിന് 150 സീറ്റുകളിലേക്ക് പ്രവേശനം നൽകുന്നു. ഇതു കൂടാതെ P.G. Degree/Diploma കോഴ്സുകളിലും അഖിലേന്ത്യാ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നുണ്ട്. ഇതു കൂടാതെ ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ നടത്തുന്ന വിവിധ പാരാമെഡിക്കൽ, ഡിപ്ളോമാ കോഴ്സുകളും ഇവിടെയുണ്ട്. നാൽപ്പത്തിരണ്ടോളം വിവിധ വകുപ്പുകൾ ഈ ആശുപത്രിയിൽ പ്രവർത്തിക്കുന്നു. എം.ബി.ബി.എസ്സ് കൂടാതെ B. Pharm, BSc.Nursing തുടങ്ങിയ ഡിഗ്രികോഴ്സുകളും Mch, DM തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളും ഇവിടെ നടത്തുന്നു. 430 ഓളം ആളുകളാണ് ഇവിടെ മെഡിക്കൽ കോളേജ് അദ്ധ്യാപന മേഖലയിൽ ജോലി ചെയ്യുന്നത്.

വിദ്യാർത്ഥികൾക്ക് പട്ടണത്തിൽ നിന്നും അകലെ, എന്നാൽ ദേശീയ പാതയോടു തൊട്ടു ചേർന്ന് വളരെ സമാധാനത്തോടും സൗകര്യത്തോടും കൂടി പഠിക്കാൻ ഇവിടെ സൗകര്യമൊരുക്കിയിരിക്കുന്നു. മെയിൻ ബ്ലോക്കിനോട് ചേർന്നു 7200 ചതുരശ്ര അടി വിസ്തീർണ്ണത്തോടു കൂടിയുള്ള സെൻട്രൽ ലൈബ്രറിയിൽ 25000 ത്തോളം ബുക്കുകൾ ഉണ്ട്. Indian Medical Council ന്റെ അംഗീകാരമുള്ള ഈ കോളേജ് Kerala University of Health and Allied Sciences (KUHAS) ൽ അഫിലിയേറ്റ് ചെയ്തിരിക്കുന്നു. 162 ഏക്കറോളം സ്ഥലത്ത് അത്യാധുനിക സംവിധാനങ്ങളോടെ 28000 ചതുരശ്രമീറ്റർ ഏരിയായിൽ 2010 ൽ പണിപൂർത്തിയായ പുതിയ മെഡിക്കൽ കോളേജ് സംസ്ഥാനത്തെ മറ്റു മെഡിക്കൽ കോളേജുകളോടു കിടപിടിക്കുന്ന രീതിയിലാണ് മുന്നേറുന്നത്.ആലപ്പുഴ ജില്ലയിലെയും പ്രാന്തപ്രദേശങ്ങളിലെയും തീരദേശ മേഖലയിലെയും ജനങ്ങൾക്ക് മികച്ച ചികിത്സ നൽകുന്ന ഈ മെഡിക്കൽ കോളേജ്, ആരോഗ്യ മേഖലയിലെ ഗവേഷണങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് മുന്നേറുകയാണ്.

വിലാസം:

ടി.ഡി. മെഡിക്കൽ കോളേജ് ആശുപത്രി
വണ്ടാനം. ആലപ്പുഴ ജില്ല. Pin. 688005.
ഫോൺ:0477-228 2367.
email: tdmcalappuzha@gmail.com



# പ്രോസ്റ്റേറ്റ് കാൻസർ -നിയന്ത്രണ മാർഗ്ഗങ്ങൾ

ഡോ. നീനു അഖിൽ എം.ഡി.

കാൻസർ അഥവാ അർബുദം, ശരീര കോശങ്ങൾ അമിതവും അനിയന്ത്രിതവുമായി വളർന്നു സാധാരണ കോശങ്ങളെ ബാധിച്ചു അവയെക്കൂടി മാറ്റിയെടുത്തു, ശരീരപ്രവർത്തനങ്ങളിൽ അസ്വാസ്ഥ്യം സൃഷ്ടിക്കുന്ന രോഗാവസ്ഥയാണ്. സാധാരണ ഗതിയിൽ നിഷ്ക്രിയമായി നിലകൊള്ളുന്ന അർബുദ കോശങ്ങൾക്ക് രോഗാണുക്കൾ മൂലമോ, രാസവസ്തുക്കളുടെയും, റേഡിയേഷൻ പ്രസരണത്തിന്റെയും ഉത്തേജനം മൂലമോ വ്യതിയാനം സംഭവിച്ചു അമിതവളർച്ചയും വിഭജനവും സംഭവിക്കുന്നു. നമ്മുടെ ജീവിതശൈലിയിലെ ചിട്ടയില്ലായ്മയും താളപ്പിഴകളും ഇത്തരം കോശങ്ങൾക്ക് വളമാകും. ഏതവയവത്തെയും ഈ രോഗം ബാധിയ്ക്കും. ഹൃദയത്തിലും തലച്ചോറിലും ഇത് ബാധിക്കാറില്ല. ഖര ക്യാൻസർ ആയി കണക്കാക്കുന്ന സ്തനാർബുദം, കരൾ, കുടൽ, വൃക്ക, ശ്വാസകോശം, പ്രോസ്റ്റേറ്റ്, ദ്രവ ക്യാൻസറുകളായി കണക്കാക്കുന്ന രക്താർബുദം, ലിംഫോമ എന്നിവയുമാണ് പ്രധാനികൾ. ഇവയിൽ പുരുഷന്മാർക്കിടയിൽ മാത്രമുള്ള പ്രോസ്റ്റേറ്റ് ക്യാൻസർ വളരെയേറെ ശ്രദ്ധിക്കേണ്ടതും സാധാരണവുമായ ഒരു അർബുദമാണ്.

പുരുഷന്മാരിൽ പുകവലി മൂലമുണ്ടാകുന്ന വായിലെയും തൊണ്ടയിലെയും ശ്വാസകോശത്തിലെയും ക്യാൻസറിന് തുല്യമായി ഇപ്പോൾ വളരുന്ന രോഗമാണ് പ്രോസ്റ്റേറ്റ് ക്യാൻസർ. പുരുഷന്മാരിൽ മാത്രം കാണുന്ന, പ്രത്യുൽപ്പാദന പ്രക്രിയയുമായി ബന്ധപ്പെട്ട, ഒരു ഗ്രന്ഥിയാണ് പ്രോസ്റ്റേറ്റ് ഗ്രന്ഥി. വേഗത്തിൽ വളരുന്ന കാൻസർ കോശങ്ങളാണ് ഈ ഗ്രന്ഥിയിൽ ഉള്ളത്. അപൂർവ്വമായി ചിലരിൽ പതുക്കെയും പരക്കുന്നുണ്ട്. ഏറ്റവും പ്രധാനമായത് ഇതിന്റെ ട്യൂമർ കണ്ടെത്തി ഉടൻ ചികിത്സ നൽകുകയെന്നതാണ്. അല്ലാത്ത പക്ഷം വളരെവേഗം തന്നെ ഇത് മറ്റ് കോശങ്ങളെയും ആക്രമിക്കും. 7 പേരിൽ ഒരാൾക്ക് ഈ രോഗം വരുന്നതായി കണക്കാക്കുന്നു. പ്രായമായവരിൽ 39 പേരിൽ ഒരാൾ വീതം മരണത്തിനു കീഴടങ്ങുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. മിക്ക ക്യാൻസർ രോഗങ്ങളെപ്പോലെ ഈ രോഗവും എങ്ങനെയുണ്ടാകുന്നുവെന്ന് വ്യക്തമായി കണ്ടെത്താനായിട്ടില്ല. പാരമ്പര്യമായോ, ചില രാസ വസ്തുക്കളുമായും റേഡിയേഷൻ ഉണ്ടാക്കുന്ന വസ്തുക്കളുമായും നിരന്തരം സമ്പർക്കമുണ്ടാവുമ്പോഴോ ഈ ക്യാൻസർ ഉണ്ടാവാമെന്ന് അനുമാനിക്കുന്നു. ഈ രോഗത്തിന് കാരണമായി പറയുന്നത് പ്രായം, കുടുംബ പശ്ചാത്തലം, താമസ സ്ഥലത്തിന്റെ പ്രത്യേകത, ഭക്ഷ്യവസ്തുക്കൾ തുടങ്ങിയവയാണ്. 40 വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ ഈ മാരകരോഗം പ്രത്യക്ഷപ്പെടുന്നു. 65 വയസ്സിനു മുകളിൽ 60 % പേരിലും ഈ രോഗത്തിനു സാദ്ധ്യതയുണ്ട്. പഴങ്ങളും പച്ചക്കറികളും ഭക്ഷണത്തിൽ കൂടുതലായി ഉൾപ്പെടുത്തുകയും മാംസഭക്ഷണങ്ങളുടെ ഉപയോഗം പരിമിതപ്പെടുത്തുകയും വേണം. തക്കാളി, തണ്ണിമത്തൻ തുടങ്ങിയ lycopene ന്റെ അംശം കൂടിയ പഴങ്ങൾ കൂടുതൽ കഴിക്കണം. ഗ്രീൻടീ ഒരു ശീലമാക്കണം. കാപ്പി കൂടുതലായി കഴിക്കുന്നതും ഗുണം ചെയ്യുന്നു. പാക്കു ചെയ്ത ആഹാരസാധനങ്ങൾ, നെയ്യ്, ചീസ്, പാലും അനുബന്ധ ഉല്പന്നങ്ങളും, അമിതവണ്ണവും ഈ രോഗത്തിന് കാരണമാണ്. സ്ഥിരമായി വ്യായാമം ചെയ്യണം. ബട്ടർ, മിഠായികൾ ഇവയുടെ ഉപയോഗം ഒഴിവാക്കണം. പുകവലി പൂർണ്ണമായും ഉപേക്ഷിക്കുക. മൂത്രമൊഴിക്കാൻ തടസ്സവും, മൂത്രത്തിലും ശുക്ലത്തിലും രക്തത്തിന്റെ അംശവും കാണുകയാണെങ്കിൽ ഉടനെ തന്നെ ഡോക്ടറെക്കണ്ട് പരിശോധന നടത്തിക്കണം.

രോഗലക്ഷണങ്ങൾ ശരീരപരിശോധന വഴി നോക്കിയ ശേഷം ബ്ലഡ്ടെസ്റ്റ്, സ്കാനിംഗ്, ബിയോപ്സി, പി.എസ്.എ (പ്രോസ്റ്റേറ്റ് ഗ്ലാൻഡ് നിർമ്മിക്കുന്ന ഒരു പ്രോടീൻ) പരിശോധനകൾക്കു ശേഷം രോഗം സ്ഥിരീകരിക്കാൻ പറ്റും. **പി.എസ്.എ അളവു പത്തു നാനോഗ്രാം/മില്ലി ലിറ്റർ വരെ കുഴപ്പമില്ല.** രോഗനിർണയ ശേഷം സി.ടി.സ്കാൻ, എം.ആർ.ഐ.സ്കാൻ, ബോൺസ്കാൻ ഇവയും ചെയ്തു അർബുദത്തിന്റെ കാഠിന്യം മനസിലാക്കാം. ആരംഭത്തിൽ പ്രോസ്റ്റേറ്റ് ഗ്രന്ഥിയിൽ മാത്രം കാണുന്ന ഈ രോഗം മറ്റു ഭാഗങ്ങളിലേക്കും പടരാം. അൾട്രാ സൗണ്ട് സ്കാനിംഗ് വഴി ഗ്രന്ഥിയിലെ മുഴയുടെ വലിപ്പം മനസ്സിലാക്കി തുടർചികിത്സ നൽകാം. രോഗ നിർണ്ണയത്തിൽ നിന്നും എത്രാമത്തെ സ്റ്റേജിൽ രോഗമെത്തിയെന്ന് മനസ്സിലാക്കിയ ശേഷം ചികിത്സാരീതി തീരുമാനിക്കുന്നു. രോഗം ബാധിച്ചഭാഗം ഒഴിവാക്കി ചികിത്സചെയ്യാൻ തുടക്കത്തിൽ കഴിയും. പ്രാരംഭ ദശയിൽ കീഹോൾ സർജറി, റോബോട്ടിക് സർജറി മുതലായവ വഴി മുഴകൾ നീക്കം ചെയ്തു സുഖപ്പെടുത്താം. അസുഖം എല്ലുകളിലേയ്ക്ക് പടർന്നാൽ Chemotherapy ചികിത്സ വേണ്ടി വരും. അല്ലെങ്കിൽ ഗ്രന്ഥി മുഴുവനായി നീക്കംചെയ്ത ശേഷം റേഡിയേഷൻ തെറാപ്പി ഉൾപ്പെടെയുള്ള ചികിത്സ ചെയ്യാം. അതോടൊപ്പം ഹോർമോൺ തെറാപ്പിയും പ്രയോഗിക്കാം.തുടർന്ന് വളരെ കർശനമായ നിയന്ത്രണങ്ങൾ ജീവിത രീതിയിൽ കൊണ്ടുവന്ന് രോഗിയെ രക്ഷിച്ചെടുക്കാം.

A Review On
# "WHO Guidelines For Quality Assurance Of Herbal Medicines"

Part-II

**Dr.Shan Sasidharan**
Assistant Director,R&D Division,
M/s Pankajakasthuri Herbals (P) Ltd.



### Pesticide residue

Pesticide residues are any specified substance in food, agricultural commodities or animal feed resulting from the use of a pesticide. The term includes any derivatives of a pesticide, such as conversion products, metabolites, reaction products and impurities considered to be of toxicological significance.

### Persistent organic pollutants (POPs)

Persistent organic pollutants (POPs) are chemical substances that persist in the environment, bioaccumulate through the food web and pose a risk of causing adverse effects to human health and the environment. With the evidence of long range transport of these substances to regions where they have never been used or produced and the consequent threats they pose to the environment of the whole globe, the international community has, on several occasions, called for urgent global action to reduce and eliminate releases of these chemicals.

### Tolerable intake (TI)

Tolerable intake is defined as an estimate of the intake of a substance over a lifetime that is considered to be without appreciable health risk . TI of a contaminant In the context of the present guidelines, the TI is defined as the estimated amount of a contaminant, expressed on a body mass basis, to which each individual in a (sub)population may be exposed over a specified period without appreciable risk. The term "tolerable" is used for agents which are not deliberately added, such as contaminants. TI of pesticide as a contaminant in herbal products The estimated amount of pesticide consumed as a contaminant in herbal products, together with other sources over a period of time, ranging from daily to lifetime, without causing harm to hum.

### Residual solvents

These are residues of organic solvents that are used or produced in the manufacture of and processing of herbal preparations/products. Solvents are classified by the ICH (CPMP/ICH 283/95) according to their potential risk into:

- class 1 (solvents to be avoided such as benzene);
- class 2 (limited toxic potential such as methanol or hexane).
- class 3 (low toxic potential such as ethanol)

**Potentially hazardous contaminants and residues in herbal medicines**

| Contaminants | | | | | |
|---|---|---|---|---|---|
| General classification | Group | Subgroup | Specific examples | Possible sources | Stage of production at which detectable* |
| Chemical contaminants | Toxic and hazardous materials | Toxic metals and nonmetals | Lead, cadmium mercury chromium (arsenic, nitrite) | Polluted soil and water, during cultivation/growth, manufacturing process | 1,2,3,4 |
| | | Persistent organic pollutants | Dioxin aldrin, chlordane, DDT, dieldrin, endrin, heptachlor, mirex | Polluted air, soil and water, during cultivation/ growth | 1,2,3,4 |
| | | Radionuclide | Cs-134, Cs-137 | Air, soil, water during cultivation/growth | 1,2,3,4 |

| General classification | Group | Subgroup | Specific examples | Possible sources | Stage of production at which detectable* |
|---|---|---|---|---|---|
| | | Biological toxins 2,3,4 | Mycotoxins | Post-harvest processing, transportation and storage | 2,3,4 |
| | | | Bacterial endotoxins | Post-harvest processing, transportation and storage | 1,2,3,4 |
| Biological contaminants | Microorganisms | Bacteria | Staphylococcus aureus, Pseudomonas aeruginosa, Salmonella species, Shigella species, Escherichia coli | Soil, post-harvest processing, transportation and storage | 1,2,3,4 |
| | | Fungi | Yeast, moulds | Post-harvest processing, transportation and storage | 1,2,3,4 |
| | Animals | Parasites | Protozoa –amoebae, Helminths – nematoda | Soil, excreta; organic farming/ cultivation, manufacturing process | 1,3,4 |
| | | Insects | Cockroach and its parts | Post-harvest processing, transportation and storage | 1,2,4 |
| | | Others | Mouse excreta, earthworms, acarus | Post-harvest processing, transportation and storage | 1,2,4 |
| Solvents | | Organic solvents | Acetone, methanol, ethanol, butanol | Soil and water, during cultivation/growth, manufacturing process | 1,2,3,4 |
| Residues | | | | | |
| Agrochemical residues | Pesticides | Insecticides | Carbamate, chlorinated hydrocarbons, organophosphorus | Air, soil, water, during cultivation/growth, postharvest processing | 1,2,3,4 |
| | | Herbicides | 2,4-D, 2,4,5-T | Air, soil, water, during cultivation/growth, postharvest processing | 1,2,3,4 |
| | | Fungicides | Dithiocarbamate | Air, soil, water, during cultivation/growth | 1,2,3,4 |
| | Fumigants | Chemical agents | Ethylene oxide, phosphine, methyl bromide, sulfur dioxide | Post-harvest processing | 2,3,4 |
| | Disease control agents | Antiviral agents | Antiviral agents | During cultivation | 1,2,3,4 |
| Residual solvents | | Organic solvents | Acetone, methanol, ethanol, butanol | Manufacturing process | 3,4 |

*Stage of production at which detectable: 1, medicinal plants; 2, herbal materials; 3, herbal preparations; 4, finished herbal products.

# ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തിന്റെ കാലികപ്രസക്തി



ഡോ. എസ്.ആർ.എൽ. കുമാരി. **DHMS.**

1796ൽ Dr.സാമുവൽ ഹാനിമാൻ എന്ന ജർമ്മൻ അലോപ്പതി ഡോക്ടറുടെ കണ്ടുപിടുത്തമാണ് ഈ ചികിത്സാ സമ്പ്രദായം. 10% ആളുകൾ ഇന്ത്യയിൽ ഈ ചികിത്സാരീതി ഉപയോഗിക്കുന്നു. രാജ്യത്തിലെ രണ്ടാമത്തെ പ്രധാന ചികിത്സാരീതിയായി ഹോമിയോപ്പതി മാറിയിരിക്കുന്നു.

ഹോമിയോപ്പതി എന്ന പേരിലെ രണ്ടക്ഷരം Homois (meaning Similar) and Pathos (Meaning Suffering) എന്നതിനർഥം Treating Diseases With Remedies Which Are Capable Of Producing Symptoms Similar To The Disease When Taken By Healthy People. രോഗശമനത്തിനായി likes are cured by likes (Similia similibus Curantur) എന്ന നിയമമാണ് ഇവിടെ പിൻതുടരുന്നത്. ഹോമിയോ മരുന്നുകളുടെ സുരക്ഷിതത്ത്വവും പാർശ്വഫലങ്ങളില്ലാത്ത പ്രവർത്തനവും, കുറഞ്ഞ വില, ഉപയോഗിക്കാനുള്ള സൗകര്യം, കുട്ടികൾക്കും മുതിർന്നവർക്കും ഗർഭിണികൾക്കും ഒരുപോലെയുള്ള ഫലപ്രാപ്തിയും, സ്വീകാര്യതയും ഈ രീതിയെ പ്രശസ്തമാക്കുന്നു.

ആയുഷ് വകുപ്പിന്റെ കീഴിലേക്ക് മാറ്റി പ്രത്യേക പരിഗണന നൽകിയിരിക്കുന്ന ഒരു ചികിത്സാ വിഭാഗമായി മാറിയിരിക്കുകയാണ് ഇപ്പോൾ ഹോമിയോപ്പതി. ആധുനിക ചികിത്സയോടൊപ്പം തന്നെ ജനകീയമായി മാറിക്കൊണ്ടിരിക്കുകയാണ് ഈ ചികിത്സാ സമ്പ്രദായവും. സാധാരണരോഗങ്ങൾക്കും മാറാരോഗങ്ങൾക്കും ഒരുപോലെ ഗുണപ്രദമായ ഈ ചികിത്സയുടെ കാതൽ like cures like എന്ന തത്ത്വമാണ്. ഇതിനർത്ഥം വലിയ അളവുകളിൽ ഉപയോഗിക്കുന്ന ഒരു വസ്തു ഉണ്ടാക്കുന്ന രോഗങ്ങൾ അതേ വസ്തുവിന്റെ ഏറ്റവും ചെറിയ അളവ് ഉപയോഗിച്ച് പരിഹരിക്കുന്ന രീതി എന്നു വ്യാഖ്യാനിക്കാം. ഓരോ വ്യക്തിയെയും ഒരു പ്രത്യേക ഭാഗമായി കണ്ട് ശരീരം, മനസ്സ്, ആത്മാവ് ഇവയെകൂടി രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും ഉപയോഗപ്പെടുത്തുന്ന രീതി. ഇത്തരം വിവിധ വിഷയങ്ങൾ പരിഗണിച്ചാണ് ഒരു ഹോമിയോ ചികിത്സകൻ യോജിച്ച മരുന്ന് നിശ്ചയിച്ച് രോഗിയെ സുഖപ്പെടുത്തുന്നത്. രോഗിയുടെ വിശദവിവരങ്ങൾ, രോഗത്തിന്റെ ചരിത്രം, രോഗിയുടെ വിശദ പരിശോധന, എന്നിവ കൂടാതെ രോഗിയുടെ ജീവിതശൈലി, ഭക്ഷണരീതി, ജീവിതത്തിൽ പ്രാധാന്യം നൽകുന്ന കാര്യങ്ങൾ, മനോഗതി, വ്യക്തിത്വം, ഉറങ്ങുന്ന രീതി കുടുംബപരമായ ആരോഗ്യപ്രശ്നങ്ങൾ തുടങ്ങിയവ വിശദമായി അപഗ്രഥനം ചെയ്ത ശേഷമാണ് മരുന്നും അളവും ഉപയോഗക്രമവും തീരുമാനിക്കുന്നത്.

പ്രാഥമിക പരിശോധനതന്നെ ഉദ്ദേശം 30 മിനിറ്റിനു മുകളിൽ നീണ്ടു നിൽക്കും. ചില ഡോക്ടർമാർ രോഗികൾക്ക് വിശദമായ ഒരു ചോദ്യാവലി നൽകിയ ശേഷം രോഗനിർണ്ണയ പ്രക്രിയ ആരംഭിക്കും അതു സമയ ലാഭവും സുതാര്യതയും ഉറപ്പു വരുത്തുന്നു. ഇപ്പോഴത്തെ കാലഘട്ടത്തിൽ കേന്ദ്രസർക്കാർ AYUSH വകുപ്പിന്റെ ഭാഗമായി ഹോമിയോപ്പതി ചികിത്സയെയും ഉൾപ്പെടുത്തിയതിനാൽ, മിക്ക ഗ്രാമങ്ങളിലും സർക്കാർ ഹോമിയോ ആശുപത്രികൾ വഴി സൗജന്യ ചികിത്സ ലഭിക്കുന്നു. സാധാരണക്കാർക്ക് കുറഞ്ഞ ചിലവിൽ ജീവിതശൈലീ രോഗശമനം സാദ്ധ്യമാക്കുവാൻ കഴിയുന്ന വിധം രോഗ നിർണ്ണയത്തിലും മരുന്നു നിശ്ചയിക്കുന്നതിലും ഹോമിയോപ്പതി ഏറെ മുന്നിലെത്തിയിരിക്കുന്നു. ഒറ്റ മരുന്നുകൊണ്ടു രോഗം മാറ്റുവാൻ കഴിയുന്ന സിംഗിൾ റിമഡി മരുന്നുപയോഗിച്ചുള്ള ചികിത്സ ഇന്നു വ്യാപകമാണ്. അലോപ്പതി, ആയുർവേദം എന്നിവ പോലെതന്നെ ഒരു വലിയവിഭാഗം ആളുകൾ ഹോമിയോ ചികിത്സയിൽ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതു വഴി ഈ മേഖലയിൽ ഒരു വലിയ മുന്നേറ്റം ഉണ്ടായിട്ടുണ്ട്. ഹോമിയോപ്പതി പഠനത്തിനും വലിയ സാദ്ധ്യതകൾ അതു മൂലം ഉണ്ടായിട്ടുണ്ട്.

സർക്കാർ മേഖലയിൽ നൽകുന്ന ആനുകൂല്യങ്ങൾ ഈ ശാസ്ത്ര ശാഖയുടെ വളർച്ചയ്ക്ക് സഹായകമായി തീർന്നിട്ടുണ്ട്. പരമ്പരാഗതമായി ഉപയോഗിച്ചു വരുന്ന തുള്ളി മരുന്നുകൾക്കും ഗുളികകൾക്കും പുറമേ വിവിധ തരത്തിലുള്ള സിറപ്പുകളും പുറമേയ്ക്ക് പുരട്ടാനുള്ള ക്രീമുകളും ഓയിന്റ്മെന്റ്കളും eye, ear & nasal drops തുടങ്ങിയവയും ഹെയർ ഓയിൽ, സോപ്പു കൾ, ബോഡി ടാൽക്ക്, ഹെയർ ജെൽ, ഷാംപൂ തുടങ്ങിയവയും ഹോമിയോ മരുന്നുകൾ ചേർത്ത് വിപണിയിൽ ലഭ്യമാണ്.



# നേത്രരോഗ ചികിത്സ ആയുർവ്വേദത്തിലൂടെ.

ഭാഗം-2



ബേബി പി.യു. കാമധേനു

ചികിത്സയെ അടിസ്ഥാനപ്പെടുത്തി ഇപ്രകാരം വിഭജിക്കുന്നു.

| | | |
|---|---|---|
| ഛേദ്യ രോഗങ്ങൾ | 11 എണ്ണം | തിമിരം തുടങ്ങിയവ |
| ലേഖ്യ രോഗങ്ങൾ | 9 എണ്ണം | ശ്യവമർമ്മം തുടങ്ങിയവ |
| ഭേദ്യ രോഗങ്ങൾ | 5 എണ്ണം | ലഗണം തുടങ്ങിയവ |
| വേദ്യരോഗങ്ങൾ | 15 എണ്ണം | അർബുദം തുടങ്ങിയവ |
| ആശസ്ത്രകൃതങ്ങൾ | 12 എണ്ണം | സിരോൽപാതം തുടങ്ങിയവ |
| യാപ്യം | 7 എണ്ണം | കാചം തുടങ്ങിയവ |
| അസാധ്യം | 15 എണ്ണം | വാനഹതം, ലിംഗനാശം തുടങ്ങിയവ |
| അഗന്തുജം | 2 എണ്ണം | |

ദോഷഭേദത്തിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം വിഭജിക്കുന്നു.

| | |
|---|---|
| വാതീകം | 10 എണ്ണം |
| പൈത്തികം | 10 എണ്ണം |
| ശ്ലേഷ്മീകം | 13 എണ്ണം |
| രക്തജം | 16 എണ്ണം |
| സന്നിപാതിയം | 25 എണ്ണം |
| ബാഹ്യം | 2 എണ്ണം |

നേത്രരോഗങ്ങൾ മിക്കവാറും ശസ്ത്രക്രിയ കൊണ്ടും ഔഷധപ്രയോഗം കൊണ്ടും മാറ്റുവാൻ കഴിയും എന്ന് ആയുർവേദ ശാസ്ത്രങ്ങളിൽ കാണുന്നു. വാതഹതം, നിമേഷം, ലിംഗനാശം മുതലായ അനേകം രോഗങ്ങൾ മാറാത്തവയായും പറയുന്നുണ്ട്. നേത്രരക്ഷയെക്കരുതി ആയുർവേദം പല ഔഷധങ്ങളും നിർദേശിക്കുന്നുണ്ട്. അവയിൽ പ്രധാനം ത്രിഫലയാകുന്നു. നെയ്യിൽ കുഴച്ച ത്രിഫലാചൂർണ്ണം കഴിക്കുക. പുരാണഘൃതം ഉപയോഗിച്ചാൽ നൂറിരട്ടിഫലിക്കും എന്നാണ് അചാര്യവചനം. 5 വർഷം പഴക്കമുള്ള നെയ്യാണ് പുരാണഘൃത് എന്ന് പറയുന്നത്.

ഞരമ്പുകീറി ദുഷ്ടരക്തം കളയുക, വമനവിരേചനാദകൾ കൊണ്ട് അന്തർദോഷഹരണം ചെയ്യുക, അംഗലേപനം, അംഗപ്രക്ഷാണനം, മുതലായവ കൊണ്ട് ശുദ്ധമാക്കുക, പഥ്യ ഭക്ഷണം, ഘൃതപാനം സിരാമോക്ഷാദി, മറ്റ് ശസ്ത്രകർമ്മങ്ങൾ എന്നിവ ചെയ്യുക തുടങ്ങിയവ എല്ലാം കണ്ണിന് ആയൂർവേദം വിധിക്കു ചികിത്സാവിധികളിൽ ചിലതാണ്.

സിരാമോക്ഷാദിശസ്ത്ര കർമ്മങ്ങൾ ചെയ്യുവാൻ പറ്റാത്ത രോഗികളിൽ അട്ടയെ പിടിപ്പിച്ച് രക്ത മോക്ഷം നടത്താറുണ്ട്. ഇതിനെ ജളുകാവചരണം എന്ന് പറയും. ഇത് വളരെ സുരക്ഷിതവും അപകട രഹിതവുമാണ്. മനസ്സിന്റെ മുഖമാണ് കണ്ണ്. കണ്ണിൽ തെളിവുണ്ടെങ്കിൽ ജീവന്റെ ലക്ഷണമുണ്ട് എന്ന് പറയാറുണ്ട്. കണ്ണിനു ചെയ്യുന്ന ചികിത്സ മനസ്സിനും ഗുണകരമാകണം. മനസ്സിനെ രഞ്ജിപ്പിക്കുന്നതാകണം. മനസ്സിനെ ശാന്തമാക്കി വയ്ക്കുക എന്നതും നേത്രരോഗ ചികിത്സയുടെ പ്രധാന ഭാഗമാണ്. നസ്യമാണ് നേത്രചികിത്സയിൽ പ്രധാനം. കഫാധികമായ ശിരസ്സിന് നസ്യം ഒരു പ്രധാനചികിത്സയാണ്.അഗ്നിമാന്ദ്യം വരാതെയാവണം നേത്രചികിത്സ. കണ്ണിന് അധികജോലി ഭാരം ഉണ്ടാവരുത്. സൂക്ഷ്മമായ വസ്തുക്കളെ നോക്കുക, കൂടുതൽ അകലെയുള്ളതിനെയും വളരെ അടുത്തുള്ളതിനെയും സൂക്ഷ്മമായി നോക്കുക, ഉറക്കമൊഴിക്കുക, വെയിൽ കൊള്ളുക, അഗ്നിമാന്ദ്യം അമിത ഭക്ഷണം തുടങ്ങിയവ ഉപേക്ഷിക്കണം. ശരീരത്തെ ബാധിക്കുന്ന ഏതുരോഗത്തെയും കണ്ണുപരിശോധന വഴി കണ്ടെത്താം. ആധുനിക ചികിത്സാ സമ്പ്രദായത്തൊടൊപ്പം തന്നെ ആയുർവ്വേദ വിധിപ്രകാരമുള്ള നേത്രചികിത്സയും അങ്ങേയറ്റം ഫലപ്രദമാണ്.

# ഉറക്കം...

ദേവിക എസ്.

## നല്ല ഉറക്കത്തിന്റെ പ്രാധാന്യം ആധുനിക കാലഘട്ടത്തിൽ

ഒരു വ്യക്തിയുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിൽ ഉറക്കത്തിനു അങ്ങേയറ്റത്തെ പ്രാധാന്യമുണ്ട്. ശരീരത്തിലെ പ്രധാന അവയവങ്ങളുടെ ശരിയായ പ്രവർത്തനത്തെ ഉറക്കം ബാധിക്കുന്നു. ഉറക്കമില്ലായ്മ ഹൃദ്രോഗം, വൃക്ക രോഗം, പ്രമേഹം, പക്ഷാഘാതം, രക്തസമ്മർദ്ദ രോഗങ്ങൾ, കരൾ രോഗങ്ങൾ, മുടി കൊഴിച്ചിൽ തുടങ്ങിയവ ഉണ്ടാകുന്നതിനു ഇടയാക്കുന്നു. അമിതവണ്ണം, മാനസിക സമ്മർദ്ദം, ശരീര തളർച്ച, ജോലിയിലെ താല്പര്യമില്ലായ്മ, കലാകായിക മേഖലയിലെ തളർച്ച, രോഗ പ്രതിരോധശക്തി നശിക്കൽ, ശരീരത്തിലെ നീർവീക്കം, സമൂഹത്തിൽ ഒറ്റപ്പെടുന്ന അവസ്ഥ തുടങ്ങിയവയ്ക്കു ഉറക്കമില്ലായ്മയുമായി ബന്ധമുണ്ട്. ആരോഗ്യപരിപാലനത്തിനു ആഹാരമെന്നതുപോലെ ശരീരത്തിനും മനസ്സിനും അത്യന്താപേക്ഷിതമാണ് ശരിയായ ഉറക്കം. മനസ്സിനും ശരീരത്തിനും വിശ്രമമേകി ലൗകിക കാര്യങ്ങളിൽ നിന്നും പൂർണ്ണമായി വിട്ടുനിൽക്കുമ്പോൾ ഉറക്കമുണ്ടാകുന്നു. ആയുർവേദത്തിലെ ത്രിദോഷങ്ങൾ ശരീരമാകെ പടർന്നു അവയവങ്ങളുടെ പ്രവർത്തനം മന്ദീഭവിച്ചു വിശ്രമാവസ്ഥയിലെത്തി ഉറക്കമുണ്ടാകുന്നു. ദഹന പ്രക്രിയയും മനോവ്യാപാരവും നിലയ്ക്കാതെ തുടരും. അനിവാര്യമായ ശാരീരിക പ്രവർത്തനമാണ് ഉറക്കം. അത് ഒരാളുടെ സുഖം, ദുഃഖം, ബലം, ജ്ഞാനം, ജീവിതം, മരണം തുടങ്ങിയവയെ സ്വാധീനിക്കുന്നു. ഏറ്റവും കുറഞ്ഞത് എട്ടു മണിക്കൂറെങ്കിലും ഉറങ്ങണം. ശരിയായ ജീവിതത്തിനു അത് അനിവാര്യമാണ്. നല്ല ഉറക്കത്തിനു ശേഷം ഒരാൾക്കുലഭിക്കുന്ന ഉന്മേഷം പറഞ്ഞറിയിക്കാനാവാത്തതാണ്. എല്ലാ ജീവജാലങ്ങൾക്കും ഒരുപോലെ അനുഭവപ്പെടുന്ന പ്രക്രിയയാണ് ഉറക്കം. വ്യക്തിപരമായ ഏറ്റക്കുറച്ചിലുകൾ ഉണ്ടായാലും പ്രകൃതിയുടെ മാറ്റങ്ങൾക്കനുസരിച്ചു ഉറക്ക സമയവും വ്യത്യസ്തമായിരിക്കും. ഉറക്കമില്ലായ്മ ഇപ്പോൾ ഒരു രോഗമായി മാറിയിരിക്കുകയാണ്. അതുപോലെ തന്നെ അനാരോഗ്യകരമാണ് അമിത ഉറക്കവും.



## ഉറക്കം

ഉറക്കം 5 തലങ്ങളിലായാണ് സംഭവിക്കുന്നത്. REM Sleep അഥവാ Rapid Eye Movement Sleep, Hcp തലവും NREM അഥവാ Non Rapid Eye Movement Sleep നാലു തലവും ആയിട്ടു (15 മുതൽ 30 മിനിറ്റ് വരെ നീണ്ടു നിൽക്കുന്ന രീതിയിൽ ഓരോ സ്റ്റേജും) മൊത്തം 110 മിനിറ്റ് നീളുന്നു. അത്തരം 4 സൈക്കിൾ ഒന്നിന് പുറകെ മറ്റൊന്നായി വന്നു 7 മുതൽ 8 മണിക്കൂർ വരെ ഉറക്കം ലഭിക്കും. വളരെ ആഴത്തിലുള്ള ഉറക്കം NREM Sleep സമയം ഒരാൾക്ക് ലഭിക്കും. സ്വപ്നം കാണൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഈ സമയത്തു സംഭവിക്കും.

ഒരു നിശ്ചിത സമയം ഉറങ്ങാൻ തിരഞ്ഞെടുക്കുകയും ഉറങ്ങുന്നതിനു രണ്ടു മണിക്കൂർ മുൻപ് രാത്രി ഭക്ഷണം കഴിച്ചു മനസ്സിനും ശരീരത്തിനും വിശ്രമം കൊടുക്കുകയും ചെയ്താൽ സുഖ ഉറക്കം ഉറപ്പാക്കാം. മദ്യം, ചായ, കാപ്പി തുടങ്ങിയ പാനീയങ്ങൾ പരമാവധി ഒഴിവാക്കുക. കഴിവതും ലഘുവായ ദഹിക്കാൻ എളുപ്പമുള്ള ഭക്ഷണം രാത്രിയിൽ കഴിക്കുക. വളരെ മൃദുവായ സംഗീതം എളുപ്പം ഉറങ്ങാൻ സഹായിക്കും. കിടപ്പുമുറിയിലെ വെളിച്ചവും വളരെ ലഘുവായിരിക്കണം. ഉറക്കഗുളികകൾ ഉപയോഗിക്കുന്നത് താൽക്കാലിക ഗുണം ചെയ്യുമെങ്കിലും ഭാവിയിൽ ഡ്രഗ് അഡിക്ഷന് ഇടയാക്കും.

അസമയത്തു ജോലി നോക്കുന്ന IT മേഖലയിൽ ഉൾപ്പെടെയുള്ളവർ ഉറക്ക സമയം മിനിമം 8 മണിക്കൂർ എങ്കിലും ആക്കണം. അല്ലാത്തപക്ഷം അമിത ജോലിഭാരവും ഉറക്കമില്ലായ്മയും സമയത്തു ഭക്ഷണം കഴിക്കാത്തത് മൂലവും പലവിധ മാറാരോഗങ്ങൾക്കു വിധേയരാവും.

എല്ലാ ജീവജാലങ്ങൾക്കും നിലനിൽപ്പിനായി ശരിയായ ഉറക്കം അനിവാര്യമാണ്. ഉറക്കത്തിന്റെ പ്രാധാന്യം മനസ്സിലാക്കി തങ്ങളുടെ ജീവിതരീതിയിൽ മാറ്റം വരുത്തി മുൻപോട്ടു പോകണം.




1. Overall the magazine is of good quality both in contents and in page set up. It is suggested to simplify the articles on Laws of Drugs and to be presented with some illustrations and examples beneficial to common man. Some incidents where there is violations committed against the Rules also to be included at the end as tailpiece.

Gopalakrishnan.S. Muhamma, Alappuzha.

*Editor: Thank you very much for your valuable suggestions. We shall try to improve the contents by adding new articles useful to all. The article on Laws of Drugs shall be modified with some live examples.*

2. The article on Famous Pharmacists to Inspire You was a new information and its illustration and Page design was excellent. There should be a space for informing job vacancies in different fields of Pharmacy and the career guidance page is to be expanded as such.Thank you,

Sreekumar. M.N. B.Pharm Krishnakrupa,
Shornur, Palakkad

*Editor: We appreciate your concern and will try to include job vacancies also in career page.*

Write / Mail to us:

The Editor
Pharmafirst,
Nellimala Road,
Muvattupuzha-686661.
e-mail: editorial@pharmafirstconsuting.com

**വായനക്കാരുടെ വിലയേറിയ നിർദ്ദേശങ്ങൾ ക്ഷണിക്കുന്നു**

3. ഫാർമഫസ്റ്റ് മാഗസിൻ കണ്ടു. വ്യത്യസ്തമായിരിക്കുന്നു. മരുന്നുകളെക്കുറിച്ചു മാത്രമല്ല അസുഖങ്ങളെക്കുറിച്ചും അറിയാൻ കഴിയുന്നു. പ്രശസ്തരുടെ ആരോഗ്യ സംരക്ഷണ രീതികളെക്കുറിച്ചുകൂടി ഇന്റർവ്യൂവിൽ ചോദിയ്ക്കാം. നിയമങ്ങൾ അതേപടി നൽകാതെ കുറച്ചുകൂടി ലളിതമായി അവതരിപ്പിക്കണം. ആയുർവേദവും അലോപ്പതിയും കൂടാതെ മറ്റു രീതികളും പരിചയപ്പെടുത്തണം.

ജേക്കബ് വറുഗീസ് ,മെഡിക്കൽ കോളജ് ,തിരുവനന്തപുരം.

*പത്രാധിപർ :*
*താങ്കളുടെ നല്ല വാക്കുകൾക്കു നന്ദി. എല്ലാതരത്തിലുമുള്ള മരുന്നുകളെക്കുറിച്ചും തുടർന്നുള്ള ലക്കങ്ങളിൽ പ്രതിപാദിക്കാം. നിയമങ്ങൾ കുറേക്കൂടി ലളിതമായി അവതരിപ്പിക്കാൻ നിർദ്ദേശിക്കാം.*

## ആരോഗ്യദൃശ്യം

**കെ.എസ്. അരവിന്ദാക്ഷൻ**



# ഫാർമ ഫസ്റ്റ് നൽകുന്ന സേവനങ്ങൾ

**മരുന്നുകളുടെയും കോസ്മെറ്റിക്സ്കളുടെയും നിർമ്മാണ, വിതരണ, വിപണന, ഗവേഷണ വികസന മേഖലയിലെ അവിഭാജ്യ നാമം– ഫാർമ ഫസ്റ്റ്**

സ്വകാര്യ ഔഷധ നിർമ്മാണ, വിൽപ്പന–വിതരണ സ്ഥാപനങ്ങളുടെ പ്രവർത്തന പോരായ്മ വിദഗ്ദ്ധ പരിശോധനയിലൂടെ കണ്ടെത്തി അവയെ ലാഭകരവും വിജയകരവുമാക്കി മാറ്റുന്നു.

മരുന്നും സൗന്ദര്യവർധക വസ്തുക്കളും നിർമ്മിച്ച് വിതരണം ചെയ്യുന്നതിനായി എല്ലാ സാങ്കേതിക–നിയമ സഹായങ്ങളും നൽകുന്നു.

ഫാർമസിയിൽ ബിരുദമുള്ളവർക്ക് നാട്ടിലും വിദേശത്തും ഉന്നതജോലി ലഭിക്കാനുള്ള വിദഗ്ധ പരിശീലനം.

PHARMA FIRST

പുതിയതായി ഔഷധ നിർമ്മാണ–വിൽപ്പന സ്ഥാപനങ്ങൾ തുടങ്ങുന്നവർക്കു ഉപദേശം, ട്രെയിനിങ്, സാങ്കേതിക സഹായം, ലൈസൻസ് ലഭിക്കാൻ സഹായം.

ആയുർവേദ ഔഷധ നിർമ്മാണം, പൈലറ്റ് സ്റ്റഡി, ബ്രാൻഡിങ്, പേറ്റന്റിങ് സൗകര്യമൊരുക്കുന്നു.

ആയുർവേദ മരുന്നുകളുടെ ഗുണമേന്മ വർദ്ധിപ്പിച്ചു ആധുനീകരിക്കുന്നു.


***Contact:***

**PHARMA FIRST**, 18/302,Nellimala Road, Muvattupuzha,-686661.

Phone:**9446056081,8289856081**

*Email:enquiry@pharmafirstconsulting.com*

*Website:,www.pharmafirstconsulting.com*





## PHARMAFIRST
## GIVES EXPERT GUIDANCE

For candidates seeking admission in Professional Colleges inside and outside Kerala

imparting

**M.B.B.S / B.D.S / B.PHARM / M.PHARM**
**B.A.M.S / B.H.M.S / PHARM.D / B.TECH**

and Allied Courses

ഫാർമഫസ്റ്റ് മാസിക
Vol-1 Issue-9 October2019

RNI Reg. No : KERBIL/2019/77253
of the Registrar of Newspapers for India
Published on 05 October 2019

Price ₹30/-
Annual Sub:₹350/-

**Medigen Group**

Email: rahul@nomisma.in

All our firms will give same day credit note for expiry and sales return.



# HASSLE FREE SAME DAY CREDIT NOTE SETTLEMENT

**MEDIGEN PHARMA**
0484 4061906, 4037955

**MEDIGEN DRUGS**
9567870015

**A2Z WELLNESS COCHIN**
0484 4860545

**THODUPUZHA MEDIGEN PVT LTD**
0484 2229770

**MEDIGEN MEDICAL DISTRIBUTORS**
0484 486 0545

**MEDIGEN KOLLAM**
0484 2229770

**GREEN ASSOCIATES**
9744541100, 9946355331

**THODUPUZHA DRUG HOUSE PVT LTD**
9744541100, 9946355331

**MPC PHARMA COCHIN**
9746122417

**MG MEDICALS**
0484 2377636

**MPC PHARMA PVT LTD CHENNAI**
7299021023

**BIO PHARMA PVT LTD**
0484 2368827

**VS ENTERPRISES PVT LTD**
7909224448

Printed and Published by M.R.Pradeep,Propreitor,Pharma First,Muvattupuzha.Printed at M/s Karuna Offset Press,SNDP Junction,M.C.Road,Muvattupuzha-686661.
Published from MMC No.XVIII/302,Nellimala Road,Muvattupuzha, Ernakulam-686661.Phone:8289856081.Editor: M.R.Pradeep, M.Pharm.